## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3777 — 15.12.2014-ൽ മറുപടിക്ക്

### തീരപ്രദേശങ്ങളിലെ മത്സ്യബന്ധനത്തുറമുഖങ്ങളുടെ അപര്യാപ്തതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.സി. മോയിൻ കുട്ടി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.കെ.ബഷീർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ എത്ര മത്സ്യബന്ധനത്തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളുമുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ; | (ബി) | പ്രവർത്തനക്ഷമമായ 12 മത്സ്യബന്ധന തുറമുഖങ്ങളും 19 ഫിഷ്ലാന്റിംഗ് സെന്ററുകളും ഉണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ ? | (സി) | ഉണ്ട്.<br>നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി പല ഘട്ടങ്ങളിലായി വിലയിരുത്തുന്നുണ്ട്. എക്സിക്യൂട്ടീവ് എൻജിനീയർമാർ, സൂപ്രണ്ടിംഗ് എൻജിനീയർമാർ, ചീഫ് എൻജിനീയർ എന്നിവർ പല ഘട്ടങ്ങളിലായി സ്ഥല പരിശോധന നടത്തുകയും പുരോഗതി വിലയിരുത്തുന്നതിനായി പ്രതിമാസ അവലോകന യോഗങ്ങൾ ഡിവിഷൻ/സർക്കിൾ/ ചീഫ് എൻജിനീയറുടെ കാര്യാലയം എന്നിവിടങ്ങളിൽ നടത്തുന്നുമുണ്ട്. കൂടാതെ സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും അവലോകനയോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ